പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1201

13/12/2012-ൽ മറുപടി നൽകേണ്ടത്

## അയ്യംപുഴ പഞ്ചായത്തിലെ കർഷകർക്ക് പട്ടയം

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യംപുഴ പഞ്ചായത്തിലെ പാണ്ടുപാറയിലെ കർഷകർക്ക് പട്ടയം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ; | (എ) കേരള ഭൂമി പതിവ് ചട്ടപ്രകാരം ആലുവ താലൂക്കിലെ മഞ്ഞപ്ര, മലയാറ്റൂർ വില്ലേജുകൾ മാത്രമേ ഹിൽട്രാക്ക് ഏരിയായിൽ ഉൾപ്പെടുന്നുള്ളൂ. മഞ്ഞപ്ര വില്ലേജ് വിഭജിച്ച് രൂപീകരിച്ച അയ്യംപുഴ വില്ലേജിൽ ഉൾപ്പെട്ട് വരുന്ന പാണ്ടുപാറ പ്രദേശം ഹിൽട്രാക്ക് ആയി വിജ്ഞാപനം ചെയ്താൽ മാത്രമേ ആ പ്രദേശത്തെ അപേക്ഷകർക്ക് പട്ടയം നൽകുവാൻ കഴിയൂ. |
| (ബി) ഇവർക്ക് എന്ന് പട്ടയം നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നടപടി സ്വീകരിച്ചുവരുന്ന ഫയലുകൾ ഏതെല്ലാമെന്നും പ്രസ്തുത ഫയലുകളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ; | (സി) എറണാകുളം ജില്ലാകളക്ടറുടെ ഓഫീസിൽ എൽ.2/46675/04 നമ്പരായും ആലുവ താലൂക്ക് ഓഫീസിൽ സി4/6400/04 നമ്പരായും സർക്കാരിൽ 44956/എ3/09/റവ നമ്പരായും ഫയൽ നടപടിയിൽ ഇരിക്കുന്നതാണ്. |
| (ഡി)പട്ടയം നൽകേണ്ടവരുടെ പട്ടിക ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ)എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ? | (ഇ) ആനുകൂല്യം ലഭിക്കേണ്ടവരുടെ പട്ടിക അടിയന്തിരമായി ലഭ്യമാക്കുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ